## അഞ്ച് വർഷത്തിനു മുമ്പുള്ള ഇ.എസ്.ഐ. വിഹിതം ആവശ്യപ്പെടാൻ ഇ.എസ്.ഐ. കോർപ്പറേഷന് അവകാശമില്ല

### മദ്രാസ് ഹൈക്കോടതി

C.M.A. No. 1527/2018 Dt. 2.3.2021

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ
x
ജെ ജെ മിൽസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്

കമ്പനിയുടെ പ്രവർത്തനം നടത്തിക്കൊണ്ടുപോകുന്നതിന് മറ്റു സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. തീർത്തും സ്വതന്ത്രമായ ആ സ്ഥാപനങ്ങൾ അത്തരം സേവനങ്ങൾ ചെയ്തുകൊടുക്കുന്നത് അവരുടെ സ്വന്തം തൊഴിലാളികളെ നിയോഗിച്ചുകൊണ്ടാണ്. കമ്പനിയിലെ തൊഴിലാളികളെ മുഴുവൻ മേനേജ്മെന്റ് ഇ.എസ്.ഐ. പദ്ധതിയിലുൾപ്പെടുത്തുകയും കൃത്യമായി വിഹിതമടയ്ക്കുകയും ചെയ്യുന്നുണ്ട്. അപ്രകാരമിരിക്കെ സോഷ്യൽ സെക്യൂരിറ്റി ഓഫീസർ സ്ഥാപനത്തിൽ പരിശോധന നടത്തി. മറ്റു സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും കമ്പനിയാണ് സേവനം നല്കുന്നതെന്നും അതിനാൽ അവരുടെ പേരിലും ഇ.എസ്.ഐ. വിഹിതമടയ്ക്കാൻ കമ്പനിക്ക് ബാധ്യതയുണ്ടെന്നും സോഷ്യൽ സെക്യൂരിറ്റി ഓഫീസർ റിപ്പോർട്ട് ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 2000–2001 വർഷത്തെ വിഹിതം നിർണ്ണയിച്ചുകൊണ്ട് ഡെപ്യൂട്ടി ഡയറക്ടർ 2012–ൽ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ കമ്പനി എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി സമർപ്പിച്ചു. മറ്റു സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് കമ്പനിയാണ് വേതനം നല്കുന്നതെന്ന് തെളിയിക്കാൻ ഇ.എസ്.ഐ. അധികൃതർക്ക് സാധിച്ചിട്ടില്ലെന്ന് വിലയിരുത്തിയ ഇൻഷുറൻസ് കോടതി ഇ.എസ്.ഐ. ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് റദ്ദാക്കി. ഇതിനെതിരെ ഇ.എസ്.ഐ. കോർപ്പറേഷൻ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. തെളിവ് നല്കേണ്ട ചുമതല ഇ.എസ്.ഐ. കോർപ്പറേഷനാണെന്ന് ഇൻഷുറൻസ് കോടതി വിധിച്ചത് നിയമപ്രകാരം ശരിയല്ലെന്ന് കോർപ്പറേഷൻ വാദിച്ചു. 2000–2001 വർഷത്തെ വിഹിതം ആവശ്യപ്പെടാൻ ഇ.എസ്.ഐ. കോർപ്പറേഷന് അവകാശമില്ലെന്നും അഞ്ച് വർഷത്തിനു മുമ്പുള്ള വിഹിതം കാലഹരണപ്പെട്ടതാണെന്നും കമ്പനി വാദിച്ചു. ഇ.എസ്.ഐ. ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് നിയമപ്രകാരം നിലനില്ക്കുന്നതല്ലെന്നും കാലഹരണദോഷമുള്ളതാണെന്നും പ്രഥമ ദൃഷ്ട്യാ സ്പഷ്ടമാണെന്ന് ചൂണ്ടിക്കാട്ടിയ ഹൈക്കോടതി ഇതര വിഷയങ്ങളിലേക്ക് കടക്കാതെ ഇൻഷുറൻസ് കോടതിയുടെ ഉത്തരവ് ശരിവയ്ക്കുകയും ഇ.എസ്.ഐ. ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് റദ്ദാക്കുകയും അപ്പീൽ തള്ളിക്കളയുകയും ചെയ്തു.